ഭരണഭാഷ മാതൃഭാഷ

***Speed post  with  A/D***

website: www.keralapsc.gov.in
**e-mail: doklm.psc@kerala.gov.in:** **Telephone No: 0474 -2743624**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, കൊല്ലം.**

കൊല്ലം,

നമ്പർ : QSSIII(2)1391895/2026(3) തീയതി: 18.08.2026

പ്രേഷകൻ

ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, കൊല്ലം.

സ്വീകർത്താവ്

Chief Engineer
Office of the Chief Engineer
Irrigation and Administration
Thiruvananthapuram .

സർ

വിഷയം :- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്, കൊല്ലം – സർവ്വീസ് റഗുലറൈസേഷനുമായി ബന്ധപ്പെട്ട വെരിഫിക്കേഷനായി ഉദ്യോഗസ്ഥർ ഹാജരാകുന്നത് – സംബന്ധിച്ച്.

സൂചന 1. 06.07.2026 തീയതിയിലെ താങ്കളുടെ CEIA/4073/2025-B7 നമ്പർ കത്ത്.

2. 23.07.2026 തീയതിയിലെ താങ്കളുടെ CEIA/602/2025-B5 നമ്പർ കത്ത്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൊല്ലം ജില്ലാ ഓഫീസിൽ **31.08.2026** തീയതിയിൽ നടക്കുന്ന സർവ്വീസ് വെരിഫിക്കേഷന് ഉൾപ്പെടുത്തിയിട്ടുള്ള താങ്കളുടെ സ്ഥാപനത്തിലെ/വകുപ്പിലെ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി ഉദ്യോഗസ്ഥർ താങ്കളുടെ സ്ഥാപനത്തിൽ/വകുപ്പിൽ ഇപ്പോൾ സർവ്വീസിൽ തുടരുന്നുണ്ടെങ്കിൽ അവർക്ക് നൽകിയിട്ടുള്ള സമയത്ത് തന്നെ കൃത്യമായും നിർബന്ധമായും ഹാജരാകേണ്ടതാണെന്ന് നിർദ്ദേശം നൽകേണ്ടതാണ്. വ്യക്തിഗത നിർദ്ദേശം ഈ ആഫീസിൽ നിന്നും അയയ്ക്കുന്നതല്ല. പട്ടികയിൽ ഉൾപ്പെട്ട എല്ലാ ജീവനക്കാരും സർവ്വീസ് വെരിഫിക്കേഷൻ വിവരം അറിഞ്ഞു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ യഥാസ്ഥാനത്ത് ആധാർ നമ്പരും ആധാറിലെ പേരും നൽകിയ ശേഷം link with Aadhar എന്ന ലിങ്ക് വഴി ആധാർ പ്രൊഫൈലുമായി ലിങ്ക് ചെയ്യേണ്ടതാണ്. ആധാർ ലഭ്യമായിട്ടില്ലാത്ത ഉദ്യോഗസ്ഥരും ആധാറിൽ നിന്നും വ്യത്യസ്തമായ വിലാസം service book -ൽ രേഖപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും ടി വിലാസം തെളിയിക്കുന്നതിനാവശ്യമായ ഒരു ID card പ്രൊഫൈലിൽ upload ചെയ്യേണ്ടതും ആയതിന്റെ original സർവ്വീസ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതുമാണ്.

നിയമന പരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചു തരുന്നത് കർശനമായും നിയമനശുപാർശ ക്രമത്തിലായിരിക്കണമെന്നും ക്രമം തെറ്റിച്ചു നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം/കോടതി വ്യവഹാരം) പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനായിരിക്കും എന്ന് അറിയിക്കുന്നു.

08.07.2019 തീയതിയിലെ GO(MS)133/2019/GAD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസ് വെരിഫിക്കേഷനായി ഹാജരാകുന്ന ഉദ്യോഗസ്ഥർ സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനായി അവരവരുടെ ONE TIME REGISTRATION പ്രൊഫൈലിലെ Service verification link വഴി "0051-PSC-800-State PSC-99-other receipts" എന്ന ശീർഷകത്തിൽ **210** രൂപയുടെ ചെലാൻ e-payment ലൂടെ മാത്രം ഒടുക്കേണ്ടതാണ് എന്ന വിവരം ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. **അല്ലാതെയുള്ള ചലാനുകൾ സ്വീകരിക്കുന്നതല്ല**. എന്നാൽ One Time Verification certificate കൂടാതെ തിരിച്ചറിയൽ പത്രിക മുഖാന്തിരം സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവർ ഈ തുക ട്രഷറിയിലൊടുക്കി (Manual/Online) ഒറിജിനൽ ചലാൻ നിയമന പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗസ്ഥർ ടി തസ്തികയിലേക്കുള്ള അഡ്വൈസ് ലെറ്റർ നമ്പരും തീയതിയും, നിയമന ഉത്തരവ് നമ്പരും തീയതിയും, നിയമന ശിപാർശ ലഭിച്ച ടേൺ, റാങ്ക് ലിസ്റ്റ് നമ്പർ, റാങ്ക് നമ്പർ എന്നിവ അറിഞ്ഞിരിക്കേണ്ടതും നിശ്ചിത പ്രൊഫോർമയിൽ പൂരിപ്പിച്ച് നൽകേണ്ടതുമാണ്.

ഏതെങ്കിലും സാഹചര്യത്തിൽ ടി തീയതിയിൽ വെരിഫിക്കേഷനു ഹാജരാകാൻ കഴിയാത്ത ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ ടി വിവരം മുൻകൂട്ടി അറിയിക്കേണ്ടതാണ്.

**List of employees scheduled for Service Verification on 31.08.2026 at 10.30 AM and 11.30 AM.**

| SI. No. | Name | Designation | Time |
|---|---|---|---|
| 1 | Anoop R | Lascar | 10.30 AM |
| 2 | Aneesh M | Lascar | 10.30 AM |
| 3 | Suneesh P | Lascar | 10.30 AM |
| 4 | Priyanka B A | LD Typist | 11.30 AM. |

**വെരിഫിക്കേഷൻ സമയത്ത് ഉദ്യോഗസ്ഥർ ഹാജരാക്കേണ്ട രേഖകൾ**

1. പ്രൊഫൈലുമായി ലിങ്ക് ചെയ്ത ആധാറിന്റെ ഒറിജിനൽ
2. Treasury യിൽ ഒടുക്കിയ ഒറിജിനൽ ചെലാൻ (OTV സർട്ടിഫിക്കറ്റ് കൂടാതെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവർക്ക് മാത്രം)

വിശ്വസ്തയോടെ,

ആന്റണി ടെനിസൻ
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കൊല്ലം.

Note :- **(1) e-payment വഴിയുള്ള chalan -നുകൾ വെരിഫിക്കേഷൻ തീയതിയ്ക്ക് ഒരു ദിവസം മുൻപ് തന്നെ ഒടുക്കേണ്ടതാണെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.**